**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2340** **16-03-2022 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ കരാർ ദീർഘിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്** | | **null**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പന്ത്രണ്ട് വർഷം തുടർച്ചയായ സേവനമുള്ള കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ കരാർ ഒരു ദിവസം ബ്രേക്ക് വരുത്തി പുതുക്കുന്നതിനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആയത് പിൻവലിച്ച് ബ്രേക്കില്ലാതെ കരാർ ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ; | (എ) | കരാർ വ്യവസ്ഥയിൽ നിയമിക്കുന്ന ജീവനക്കാരുടെ കരാർ നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്തേണ്ടതാണെന്ന് 09/07/2019 ലെ ജി.ഒ(പി)നം.81/2019/ധന ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 13.12.2021-ന് ചേർന്ന കുടുംബശ്രീ ഗവേണിംഗ് ബോഡി യോഗ തീരുമാനം 14 പ്രകാരം കുടുംബശ്രീയുടെ കീഴിൽ സേവനം അനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് കരാർ ദീർഘിപ്പിക്കുമ്പോൾ, രണ്ട് അല്ലെങ്കിൽ മൂന്ന് ദിവസം ഇടവേള നൽകണമെന്ന് തീരുമാനമെടുത്ത് ആയതു പ്രകാരം സിഡിഎസ് അക്കൗണ്ടന്റുമാരുടെ സേവന വ്യവസ്ഥയിലും മേൽ തീരുമാനം ഉൾക്കൊള്ളിച്ചുകൊണ്ട് കരാർ ദീർഘിപ്പിച്ച് നല്കിയിട്ടുള്ളത്. |
| (ബി) | ഇവരുടെ ശമ്പളം വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | സിഡിഎസ് അക്കൗണ്ടന്റുമാരുടെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ